**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 356** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി. വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി കെ.കെ.രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ച ഐ.ജി.എസ്.ടി. വിഹിതം കേന്ദ്ര ഐ.ജി.എസ്.ടി. പൂളിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംയോജിത ചരക്കു സേവന നികുതി നിയമം 2017 പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. ഈയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക കണക്കാക്കുന്നതിന് വിവിധ പഠനങ്ങൾ നടന്നുവരുന്നു. എന്നാൽ ഐ.ജി.എസ്.ടി..-യെ കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ കേരളമടക്കമുള്ള സംസ്ഥാനങ്ങൾക്ക് ലഭ്യമല്ല. |
| (ബി) | ഇല്ലെങ്കിൽ സംയോജിത ചരക്ക് സേവന നികുതിയുടെ പരിഷ്കാരങ്ങൾ യഥാസമയം നടപ്പിലാക്കാൻ സാധിക്കാത്തതും അന്തർ സംസ്ഥാന ചരക്ക് ഇടപാടുകളിൽ റിട്ടേണുകൾ കർക്കശമാക്കാത്തതുമാണ് ആയതിന്റെ പ്രധാന കാരണം എന്നത് വസ്തുതയാണോ; | (ബി) | സംയോജിത ചരക്കു സേവന നികുതി നിയമം 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. ഓരോ സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്ത് അവയുടെ മുൻപ് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുത്ത് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ സംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഓൺലൈൻ മുഖേന നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകളിൽ "പ്ലേസ് ഓഫ് സപ്ലൈ" വിൽക്കുന്ന വ്യക്തി കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി, നിരവധി ട്രേഡ് സർക്കുലറുകളും, നിർദ്ദേശങ്ങളും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No. 6/2020 dated 16.06.2020, Trade Circular 1/2021 dated 30/01/2021, Trade Circular No. 1/2022 dated 21/11/2022). നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും പണം ലഭിക്കുന്നുമുണ്ട്. |
| (സി) | സംസ്ഥാനത്തിന് അർഹമായ സംയോജിത ചരക്ക് സേവന നികുതിയുടെ വിഹിതം കേന്ദ്ര ഐ.ജി.എസ്.ടി. പൂളിൽ നിന്നും നേടിയെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും പണം ലഭിക്കുന്നുമുണ്ട്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇതിനകം തന്നെ സംസ്ഥാനം ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ